milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO/P&I/324/BEST FARMER AWARD/26-27 15.07.2026

## സർക്കുലർ നമ്പർ. 1096/2026

**വിഷയം :- മലബാർ മേഖലയിലെ 2026 വർഷത്തെ മികച്ച യുവ ക്ഷീര കർഷകനും, വനിതാ ക്ഷീര കർഷകക്കും അവാർഡ് നൽകുന്നത് സംബന്ധിച്ച്.**

മലബാർ മേഖലാ യൂണിയന്റെ പരിധിയിലുള്ള ആറ് ജില്ലകളിലെ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന സംഘം അംഗങ്ങളായ ക്ഷീര കർഷകരിൽ നിന്നും ഏറ്റവും മികച്ച യുവ ക്ഷീര കർഷകനേയും, വനിതാ ക്ഷീര കർഷകയേയും കണ്ടെത്തി അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ക്ഷീര കർഷകർക്ക് 25,000/- രൂപ ക്യാഷ് അവാർഡും, അനുമോദന ഫലകവും, പ്രശസ്തി പത്രവും നൽകുന്നതാണ്. ഓരോ വിഭാഗത്തിലും നൽകുന്ന അവാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

### 1. ഏറ്റവും മികച്ച യുവ ക്ഷീര കർഷകനുള്ള അവാർഡ്.

2025-26 സാമ്പത്തിക വർഷത്തിൽ ആനന്ദ് മാതൃകാ ക്ഷീര സംഘത്തിൽ ചുരുങ്ങിയത് 180 ദിവസം പാലളന്നവരും, 1000 ലിറ്റർ പാലളന്നവരും ആയ ക്ഷീര കർഷകരിൽ നിന്നും 01.04.2026 തീയ്യതി പ്രകാരം 40 വയസ്സിന് താഴെയുള്ള കർഷകരെയാണ് അവാർഡിനായി പരിഗണിക്കുക. താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷ സമർപ്പിച്ചവരിൽ നിന്നും മേഖലാ യൂണിയൻ തലത്തിലെ ഏറ്റവും മികച്ച ക്ഷീര കർഷകനെ കണ്ടെത്തുന്നതായിരിക്കും.

- അപേക്ഷ സമർപ്പിക്കുന്ന ക്ഷീര കർഷകൻ 2025 മാർച്ച് 31 മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയ്യതി വരെയുള്ള കാലം മലബാർ മേഖലയിലെ ഏതെങ്കിലും ഒരു ആനന്ദ് മാതൃകാ ക്ഷീര സംഘത്തിലെ അംഗമായിക്കൊണ്ട് പാൽ നൽകി വരുന്ന കർഷകനായിരിക്കണം.
- ചുരുങ്ങിയത് 5 കറവ മൃഗങ്ങളെയെങ്കിലും (പ്രായപൂർത്തി എത്താത്ത മൃഗങ്ങൾ ഉൾപ്പെടാതെ) വളർത്തുന്ന കർഷകർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹത ഉണ്ടാവുകയുള്ളൂ.
- അവാർഡിനായി അപേക്ഷ സമർപ്പിക്കുന്ന കർഷകൻ, തന്റെ തൊഴുത്തിൽ വളർത്തുന്ന പശുക്കൾ/എരുമകൾ ഉൽപ്പാദിപ്പിക്കുന്ന പാൽ 2025 ഏപ്രിൽ 1 ന് ശേഷമുള്ള കാലയളവിൽ കർഷകന്റെ കുടുംബാംഗങ്ങളുടെ പേരിലോ അല്ലെങ്കിൽ മറ്റ് വ്യക്തികളുടെ പേരിലോ ഏതെങ്കിലും ക്ഷീര സംഘത്തിൽ അളക്കാത്തവരായിരിക്കണം.

- കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട ദൈനംദിന കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്ന അല്ലെങ്കിൽ മേൽനോട്ടം വഹിക്കുന്ന കർഷകർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടാവുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്ന കർഷകൻ വളർത്തുന്ന പശുക്കളുടെ എണ്ണം, ക്ഷീര സംഘത്തിൽ അളന്ന പാലിന്റെ അളവ്, ക്ഷീര സംഘം ഭരണസമിതി അംഗത്വം, പശു വളർത്തലിൽ അവലംബിച്ച നൂതന പരിപാലന രീതികൾ, പുൽകൃഷി, തീറ്റ ക്രമീകരണം, കന്നുകുട്ടി പരിപാലനം, ആന്റിബയോട്ടിക്/അഫ്ളാടോക്സിൻ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ, തൊഴുത്തിലെ വൃത്തി, ചാണക സംസ്കരണം, പശു വളർത്തലിന്റെ പ്രയോജനം അനുബന്ധ കാർഷിക വൃത്തികളിലേയ്ക്ക് ഉപകാരപ്പെടുത്തൽ, പശു വളർത്തലുമായി ബന്ധപ്പെട്ട വിവരങ്ങളുടെ സൂക്ഷിപ്പ് തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഏറ്റവും മികച്ച യുവ ക്ഷീര കർഷകനെ തെരഞ്ഞെടുക്കുന്നത്.

## 2. ഏറ്റവും മികച്ച വനിതാ ക്ഷീര കർഷകക്കുള്ള അവാർഡ്.

2025-26 വർഷത്തിൽ ഏതെങ്കിലും ആനന്ദ് മാതൃകാ ക്ഷീര സംഘത്തിൽ ചുരുങ്ങിയത് 180 ദിവസം പാലളന്നവരും, 1000 ലിറ്റർ പാലളന്നവരും ആയ ക്ഷീര കർഷകരിൽ നിന്നും ലഭിക്കുന്ന അപേക്ഷകളാണ് അവാർഡിനായി പരിഗണിക്കുക. താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അപേക്ഷ സമർപ്പിച്ചവരിൽ നിന്നും ഏറ്റവും മികച്ച വനിതാ ക്ഷീര കർഷകയെ കണ്ടെത്തുന്നതായിരിക്കും.

- അപേക്ഷ സമർപ്പിക്കുന്ന ക്ഷീര കർഷക 2025 ഏപ്രിൽ 1 മുതൽ അപേക്ഷ സമർപ്പിക്കുന്ന തീയ്യതി വരെയുള്ള കാലം മലബാർ മേഖലയിലെ ഏതെങ്കിലും ഒരു ആനന്ദ് മാതൃകാ ക്ഷീര സംഘത്തിലെ അംഗമായിരിക്കണം.
- ചുരുങ്ങിയത് 5 കറവ മൃഗങ്ങളെയെങ്കിലും (പ്രായപൂർത്തി എത്താത്ത മൃഗങ്ങൾ ഉൾപ്പെടാതെ) വളർത്തുന്ന കർഷകക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹത ഉണ്ടാവുകയുള്ളൂ.
- അവാർഡിനായി അപേക്ഷ സമർപ്പിക്കുന്ന കർഷകയുടെ അതേ തൊഴുത്തിൽ വളർത്തുന്ന പശുക്കൾ/എരുമകൾ ഉൽപ്പാദിപ്പിക്കുന്ന പാൽ 2025 ഏപ്രിൽ 1 ന് ശേഷമുള്ള കാലയളവിൽ കർഷകയുടെ കുടുംബാംഗങ്ങളുടെ പേരിലോ അല്ലെങ്കിൽ മറ്റ് വ്യക്തികളുടെ പേരിലോ ഏതെങ്കിലും ക്ഷീര സംഘത്തിൽ അളക്കാത്തവരായിരിക്കണം.
- പശു വളർത്തലുമായി ബന്ധപ്പെട്ട ദൈനംദിന കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്ന അല്ലെങ്കിൽ മേൽനോട്ടം വഹിക്കുന്ന കർഷകക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ടാവുകയുള്ളൂ.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.
No. D 89 (D)
H.O.
Calicut

- അപേക്ഷ സമർപ്പിക്കുന്ന കർഷക വളർത്തുന്ന പശുക്കളുടെ എണ്ണം, ക്ഷീര സംഘത്തിൽ അളന്ന പാലിന്റെ അളവ്, ക്ഷീര സംഘം ഭരണസമിതി അംഗത്വം, പശു വളർത്തലിൽ അവലംബിച്ച നൂതന പരിപാലന രീതികൾ, പുൽകൃഷി, തീറ്റ ക്രമീകരണം, കന്നുകുട്ടി പരിപാലനം, ആന്റിബയോട്ടിക്/അഫ്ളാടോക്സിൻ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ, തൊഴുത്തിലെ വൃത്തി, പശു വളർത്തലുമായി ബന്ധപ്പെട്ട വിവരങ്ങളുടെ സൂക്ഷിപ്പ്, ചാണക സംസ്കരണം, പശു വളർത്തലിന്റെ പ്രയോജനം അനുബന്ധ കാർഷികവൃത്തികളിലേയ്ക്ക് ഉപകാരപ്പെടുത്തൽ, തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഏറ്റവും മികച്ച വനിതാ ക്ഷീര കർഷകയെ തെരഞ്ഞടുക്കുന്നത്.

മേൽപ്പറഞ്ഞ 2 വിഭാഗങ്ങളിലും അവാർഡിനായി അർഹരായ ക്ഷീര കർഷകർ **31.07.2026** തീയ്യതിക്ക് മുൻപായി ലഭിക്കത്തക്കവിധം നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫോം (പി&ഐ ജില്ല യൂണിറ്റ്/സബ് യൂണിറ്റിൽ ലഭ്യമാണ്) പൂരിപ്പിച്ച് തൊഴുത്തിന്റെ (പശുക്കൾ ഉൾപ്പെടെയുള്ള) വ്യത്യസ്തമായ 5 ഫോട്ടോകൾ, കർഷകന്റെ ജനന തീയ്യതി കാണിക്കുന്ന ആധാർ കാർഡ് അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ തിരിച്ചറിയൽ കാർഡ്, 2025-26 വർഷത്തേയും, 2026 ഏപ്രിൽ 1 മുതൽ 2026 ജൂൺ 30 വരെയും ഉള്ള ക്ഷീര സംഘം സാക്ഷ്യപ്പെടുത്തിയ പാലളവ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ സഹിതം അംഗമായ ആനന്ദ് മാതൃകാ ക്ഷീര സംഘം മുഖേന മലബാർ മേഖലാ യൂണിയന്റെ ബന്ധപ്പെട്ട പി&ഐ ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്.

മികച്ച വനിതാ കർഷകക്കുള്ള അവാർഡിനായി അപേക്ഷിക്കുന്ന കർഷകയുടെ പ്രായം 40 വയസ്സിന് താഴെയാണെങ്കിൽ അവരെ മികച്ച യുവ കർഷക അവാർഡിനു കൂടി (പ്രത്യേകം അപേക്ഷ സമർപ്പിക്കാതെ) പരിഗണിക്കുന്നതാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ മേഖലാ യൂണിയനിലെ മികച്ച യുവ ക്ഷീര കർഷകനായും, മികച്ച വനിത ക്ഷീര കർഷകയായും തെരഞ്ഞെടുത്ത കർഷകർക്ക് മേൽപ്പറഞ്ഞ രണ്ട് വിഭാഗം അവാർഡുകൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

പി&ഐ യൂണിറ്റുകളിൽ ലഭിക്കുന്ന അപേക്ഷകൾ യൂണിറ്റ് തലത്തിൽ പരിശോധിച്ച് സമർപ്പിക്കുന്ന ചുരുക്ക പട്ടികയിൽ നിന്ന് അവാർഡ് നിർണ്ണയ കമ്മിറ്റി പരിശോധിച്ച് തയ്യാറാക്കുന്ന സ്കോർ കാർഡിന്റെ അടിസ്ഥാനത്തിലായിരിക്കും ജേതാവിനെ കണ്ടെത്തുക.

ക്ഷീര സംഘങ്ങൾ; അവാർഡിന് അപേക്ഷ ക്ഷണിച്ച വിവരം സംഘത്തിൽ പാലൊഴിക്കുന്ന ഇരു വിഭാഗങ്ങളിലുമുള്ള എല്ലാ ക്ഷീര കർഷകരെയും അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താൽപര്യപ്പെടുന്നു.

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

എല്ലാ ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങൾക്കും

പകർപ്പ് :- എല്ലാ ജില്ലാ/പി&ഐ യൂണിറ്റ് മേധാവികൾക്കും (പി&ഐ ഓഫീസിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി **05.08.2026** ന് മുമ്പ് യൂണിറ്റ് തല /സബ് യൂണിറ്റ് തല ചുരുക്കപ്പട്ടിക സഹിതം ഹെഡ് ഓഫീസിലേക്ക് അയക്കുന്നതിലേക്കായി)